# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1772/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/12/2024
ഇ-മെയിൽ:
doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.4/1772/2024

തീയ്യതി: 12/12/2024

# കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2023 മുതൽ 14-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ ജ്യോതിഷ് കുമാർ സി.വി. | ഡെപ്യൂട്ടി ഡയരക്ടർ | 15-11-2024 | 23-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
| --- | --- |
| 15-11-2024 | 23-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ വിനീത് കുമാർ കെ.പി., ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമ എ.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ലതീഷ് കുമാർ കെ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീജ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ റോയി നമ്പുടാകം | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ സത്യൻ കെ.കെ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയത (വരെ) |
| --- | --- | --- | --- |
| ശ്രീ വിനോദ് പി.ജെ. | കൃഷിഓഫീസർ | 01-04-2023 | 25-10-2023 |
| ശ്രീ ബെൻജി ഡാനിയേൽ | കൃഷിഓഫീസർ | 26-10-2023 | 06-11-2023 |

| | | | |
|---|---|---|---|
| ശ്രീമതി അപർണ്ണ എ. | കൃഷിഓഫീസർ | 07-11-2023 | 04-12-2023 |
| ശ്രീമതി അൻസ അഗസ്ററിൻ | കൃഷിഓഫീസർ | 05-12-2023 | 31-03-2024 |
| ഡോ.സരുൺ ഘോഷ് | മെഡിക്കൽ ഓഫീസർ(FHC) | 01-04-2023 | 01-07-2023 |
| ഡോ.ഹരീഷ് പി. | മെഡിക്കൽ ഓഫീസർ(FHC) | 02-07-2023 | 13-11-2023 |
| ഡോ.അനുശ്രീ കെ.പി. | മെഡിക്കൽ ഓഫീസർ(FHC) | 14-11-2023 | 24-01-2024 |
| ഡോ.ഹരീഷ് പി. | മെഡിക്കൽ ഓഫീസർ(FHC) | 25-01-2024 | 13-03-2024 |
| ഡോ.സബിന കെ. | മെഡിക്കൽ ഓഫീസർ(FHC) | 14-03-2024 | 31-03-2024 |
| ഡോ.ഡോണിയ തോമസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ.ചാർളി മാത്യു | മെഡിക്കൽ ഓഫീസർ(GHD) | 01-04-2023 | 31-03-2024 |
| ശ്രീ രമേഷ് ബാബു കോയിറ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി നിസമോൾ കെ.എ. | വി.ഇ.ഒ (കൊട്ടിയൂർ) | 01-04-2023 | 08-09-2023 |
| ശ്രീ പ്രിൻസ് മോൻ എൻ.ഐ. | വി.ഇ.ഒ (കൊട്ടിയൂർ) | 09-09-2023 | 10-09-2023 |
| ശ്രീ വിനീത് വിജയൻ | വി.ഇ.ഒ (കൊട്ടിയൂർ) | 11-09-2023 | 31-03-2024 |
| ശ്രീ പ്രിൻസ് മോൻ എൻ.ഐ. | വി.ഇ.ഒ (ചുങ്കക്കുന്ന്) | 01-04-2023 | 31-03-2024 |
| ഡോ.കെ.ജെ. വർഗീസ് | വെറ്ററിനറി സർജൻ | 01-04-2023 | 12-04-2023 |

| | | | |
|---|---|---|---|
| ഡോ.ജോൺസൺ പി.ജോൺ | വെറ്റിനറി സർജൻ | 13-04-2023 | 30-04-2023 |
| ഡോ.കെ.ജെ. വർഗീസ് | വെറ്റിനറി സർജൻ | 01-05-2023 | 12-05-2023 |
| ഡോ.ജോൺസൺ പി.ജോൺ | വെറ്റിനറി സർജൻ | 13-05-2023 | 29-05-2023 |
| ഡോ.കെ.ജെ. വർഗീസ് | വെറ്റിനറി സർജൻ | 30-05-2023 | 28-06-2023 |
| ഡോ.ജോൺസൺ പി.ജോൺ | വെറ്റിനറി സർജൻ | 29-06-2023 | 17-07-2023 |
| ഡോ.കെ.ജെ. വർഗീസ് | വെറ്റിനറി സർജൻ | 18-07-2023 | 01-12-2023 |
| ഡോ.അഞ്ജു മേരി ജോൺ | വെറ്റിനറി സർജൻ | 02-12-2023 | 17-12-2023 |
| ഡോ.കെ.ജെ. വർഗീസ് | വെറ്റിനറി സർജൻ | 18-12-2023 | 30-01-2024 |
| ഡോ.അഞ്ജു മേരി ജോൺ | വെറ്റിനറി സർജൻ | 31-01-2024 | 15-02-2024 |
| ഡോ.ജോൺസൺ പി.ജോൺ | വെറ്റിനറി സർജൻ | 16-02-2024 | 31-03-2024 |
| ശ്രീമതി സിഞ്ജു എം.സി. | ICDS സൂപ്പർവൈസർ | 01-04-2023 | 15-03-2024 |
| ശ്രീമതി ആതിര കെ.കെ. | ICDS സൂപ്പർവൈസർ | 16-03-2024 | 31-03-2024 |
| ശ്രീമതി സാറാ.എൻ. | ഹെഡ്മാസ്റ്റർ | 01-04-2023 | 31-05-2023 |
| ശ്രീ വിജയൻ ഇ.ആർ. | ഹെഡ്മാസ്റ്റർ | 01-06-2023 | 30-07-2023 |
| ശ്രീ സിറാജുദ്ദീൻ എം.പി. | ഹെഡ്മാസ്റ്റർ | 31-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ ബിനുരാജ് പി. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി സരിത കെ.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി സിന്ധ്യ ബേബി ഡാനിയേൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | റവന്യൂ ചെലവ് ആസ്തിയായി രേഖപ്പെടുത്തി. | 1-1-1 |
| 3 | ലോൺ തുക തെറ്റായ ശീർഷകത്തിൽ വരവ് ചേർത്തു. | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല. | 1-1-4 |
| 6 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി. | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-9 |
| 11 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-10 |
| 12 | സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് രേഖപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | റീകൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-14 |

| | | |
|---|---|---|
| 16 | രജിസ്റ്റർ പൂർണ്ണമല്ല. | 1-1-15 |
| 17 | രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 20 | ഫണ്ട് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമപദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 26 | ഗ്രാമസഭ | 1-10 |
| 27 | വസ്തു നികുതി- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. | 1-11 |
| 28 | വസ്തു നികുതി പരിഷ്കരണം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-12 |
| 29 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് -തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-13 |
| 30 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ | 1-14 |
| 31 | ജൈവവള വിതരണത്തിന് അധിക സബ്സിഡി നൽകി | 1-15 |
| 32 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ അപാകങ്ങൾ | 1-16 |
| 33 | കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ നിന്ന് മരുന്നുകൾ ലഭിച്ചിട്ടില്ല ₹300000 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 34 | തുല്യതാ തുടർസാക്ഷരതാ പരിപാടി തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല ₹25350 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |

| | | |
|---|---|---|
| 35 | ലൈഫ് ഭവന പദ്ധതി അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-19 |
| 36 | ഭവന നവീകരണം (ആശ്രയ)- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-20 |
| 37 | ഭവന നവീകരണം -പട്ടികവർഗ്ഗം-അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-21 |
| 38 | വനിത സംരംഭങ്ങൾക്ക് ധനസഹായം- രേഖകൾ ലഭ്യമല്ല ₹ 450000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 39 | ഗാർഹിക ബയോ ബിൻ- രേഖകൾ ലഭ്യമല്ല 1121800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 40 | കുടുംബശ്രീ വിവിധ സംരംഭങ്ങൾക്ക് ധനസഹായം നൽകൽ രേഖകൾ ലഭ്യമല്ല ₹ 328000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 41 | റിംഗ് കമ്പോസ്റ്റ് രേഖകൾ ലഭ്യമല്ല ₹ 131564 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 42 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- രേഖകൾ ലഭ്യമല്ല ₹426300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 43 | എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 44 | മാലിന്യ ശേഖരണവും സംസ്ഖരണവും ഹരിതകർമ്മസേനയിലൂടെ | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (
ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര
ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പു
മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് ഭര
29.06.2024 തീയതിയിലെ 142/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 05.07.2024
പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ 31.
അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ
എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവ
ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാ
ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച
പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ
സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ
ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന
എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ
മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളി
പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിം
ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള
വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം ഔ
നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടി
അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങ
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക്
ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യ
അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24
വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും
നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ
കേരള സംസ്ഥാന ഓ
ജില്ലാ ഓഡിറ്റ് കാര്യ

കണ്ണൂർ,
12.12.2024.

## 1-1-1 റവന്യൂ ചെലവ് ആസ്തിയായി രേഖപ്പെടുത്തി.

പ്രൊജക്ട് നം 162/24, പ്രൊജക്ട് നം 74/24 എന്നിവ പ്രകാരം കണ്ടിജന്റ് ചെലവുകൾക്കായി ചെലവഴ ₹39000, ₹40000 റവന്യൂ ചെലവായി രേഖപ്പെടുത്തേണ്ടതിന് പകരം B-11(C), B-11(D) എന്നീ ര ആസ്തിയായി രേഖപ്പെടുത്തി.

## 1-1-2 ലോൺ തുക തെറ്റായ ശീർഷകത്തിൽ വരവ് ചേർത്തു.

KGB- Life Mission (A/C No. 40489101046355) ബാങ്ക് പാസ്സ് ബുക്ക്, ലോൺ രജിസ്റ്റർ എറ KURDFC (ഹഡ്കോ 2018) വായ്പ ഇനത്തിൽ ₹30,20,000, 14-9-2023 തീയതിയിൽ ക്രെഡിറ്റ എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിലെ ആർ പി 30 ഷെഡ്യൂളിൽ Rural Housing – Hou എന്ന ശീർഷകത്തിലാണ് വരവ് ചേർത്തിട്ടുള്ളത്. തൻ വർഷം 21-12-23 തീയതിയിൽ ലഭിച്ച ഹഡ്കോ ഇനത്തിലെ ₹25,19,365 (പലിശ ഉൾപ്പെടെ) മാത്രമാണ് ലോൺ വരവായി ചേർത്തിട്ടുള്ളത്. ₹30,20 ശീർഷകത്തിൽ വരവ് ചേർത്തിട്ടുള്ളതിനാൽ ബാലൻസ് ഷിറ്റിലെ ബി 5 ഷെഡ്യൂളിൽ തിരിച്ചടക്കാൻ അ ലോൺ തുകയിൽ ₹30,20,000 കുറവും ബി 4 ഷെഡ്യൂളിൽ Rural Housing – Housing For All എന്ന ശ അധിക ബാധ്യതയും വന്നിട്ടുണ്ട്.

## 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെ

1.ദുരിതാശ്വാസ നിധി- B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹11,147) B-2 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമ പൊരുത്തപ്പെടുന്നില്ല.

2. MGNREGS- B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹2,871) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമ പൊരുത്തപ്പെടുന്നില്ല.

## 1-1-4 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-5 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി.

പ്രൊജക്ട് നമ്പർ 143/24, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ – കെ എസ് ഇ ബി ക്ക് തുക കൈമാറൽ എ പ്രകാരം ₹15,37,776 യും പ്രൊജക്ട് നമ്പർ 343/24, വിവിധ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നത് വലിക്കുന്നതിനും അനുബന്ധചെലവുകൾക്കും കെ എസ് ഇ ബി ക്ക് തുക കൈമാറൽ എന്ന പ്രൊ ₹2,07,157 യും കെ എസ് ഇ ബി ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുക B-18 Advance To Implimenting Agencies എന്ന ശീർഷകത്തിലുൾപ്പെടുത്താതെ വിനിയോഗ ലഭിക്കുന്നതിന് മുമ്പ് ആസ്തിയായി രേഖപ്പെടുത്തി.

## 1-1-6 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയി മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equiva രേഖപ്പെടുത്തിയിരിക്കുന്നത് ₹9816306യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടു

## 1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരം വാർഷ
പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗ
2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷ
പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-8 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷ
പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താര
രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങ
ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പു
ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-10 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത
ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായ് ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തു നികുതി
വർഷാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-11 സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് രേഖപ്പെടുത്തിയിട്ടില്ല.

KOTTIYOOR SERVICE CO -OPERATIVE BANK - KOTTIYOOR (155) തനത് ഫണ്ട് അക്കൗ
മാർച്ച് മാസത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ 30-5-2023 തീയതിയിൽ
22300130 പ്രകാരം ചെക്ക് നൽകിയ ₹4712 പണമാക്കാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്ക്
മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്ക് സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-12 റീകൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രിക ബി 17 ഷെഡ്യൂൾ പ്രകാരം DISTRICT CO-OPERATIVE BA
(1029007000072) എന്ന അക്കൗണ്ടിൽ ₹71912 നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. നീക്കിയിരി
പരിശോധിക്കാനാവശ്യമായ റീകൺസിലിയേഷൻ പത്രിക, ബാങ്ക് പാസ് ബുക്ക് എന്നിവ
ലഭ്യമാക്കിയിട്ടില്ല.

## 1-1-13 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള ലഭ്യമാക്കിയിട്ടില്ല

ബി-11(B) കാപ്പിറ്റൽ വർക്ക് ഇൻപ്രോഗ്രസ്സ് ഹെഡിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ
തൻവർഷവും രേഖപ്പെടുത്തിയിട്ടുള്ളത്. തുകയുടെ ആധികാരികത പരിശോധിക്കാനാവശ്യമാ
ലഭ്യമാക്കിയിട്ടില്ല.

## 1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാരിന്റെ 06.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ
ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-1-15 രജിസ്റ്റർ പൂർണ്ണമല്ല.

1.ഡെപ്പോസിറ്റ് രജിസ്റ്ററിൽ തൻ വർഷം ലഭിച്ചതും തിരികെ നൽകിയതുമായ ഡെപ്പോസിറ്റ് തുകകളു ചേർത്തിട്ടില്ല. സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ ₹420089 യുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്ററിൽ ഫെസ്റ്റിവൽ അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

3. ലോൺ രജിസ്റ്റിൽ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. പെർമിറ്റ് രജിസ്റ്ററിൽ ഡിമാന്റ് ,കലക്ഷൻ ,ബാലൻസ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത ഒപ്പുവെച്ചിട്ടില്ല.

## 1-1-16 രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4-ൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| വർഷം | 2023-24 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ / തീയ്യതി | 61/2023/18-03-2023 | 28/2024/15-02-2024 |
| മുന്നിരിപ്പ് | 3863551 | 1566456 |
| വരവ് | 410287200 | 424224545 |
| ആകെ | 414150751 | 425791001 |
| ചെലവ് | 413256251 | 422218456 |
| നീക്കിയിരിപ്പ് | 894500 | 3572545 |

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹20846120 |
| വരവ് | ₹50753734 |
| ആകെ | ₹71599854 |
| ചെലവ് | ₹40937428 |
| നീക്കിയിരിപ്പ് | ₹30662426 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹28,83,014 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 31496000 | 31496000 | 27765465 | 3730535 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1500000 | 1500000 | 1468791 | 31209 |
| വികസന ഫണ്ട്-ടി എസ് പി | 0 | 3810000 | 3810000 | 3469063 | 340937 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 11371350 | 11371350 | 11328693 | 42657 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 5637400 | 5637400 | 4674584 | 962816 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് | 2307677 | 5537180 | 7844857 | 4103636 | 3741221 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 9693969 | 3911500 | 13605469 | 3266689 | 10338780 |
| ഹെൽത്ത് ഗ്രാന്റ്(രോഗനിർണ്ണയം) | 143006 | 748501 | 891507 | 14784 | 876723 |
| ഹെൽത്ത് ഗ്രാന്റ്(വെൽനസ്സ് സെന്റർ) | 3910 | 323605 | 327515 | 0 | 327515 |
| ഹെൽത്ത് ഗ്രാന്റ്(ബിൽഡിംഗ്) | 0 | 2805171 | 2805171 | 0 | 2805171 |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 500000 | 500000 | 0 | 500000 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 1910325 | 1186053 | 3096378 | 607162 | 2489216 |
| ടി എസ് സി | 662930 | 0 | 662930 | 0 | 662930 |
| സ്വച്ഛ് ഭാരത് മിഷൻ | 0 | 76517 | 76517 | 76517 | 0 |
| എം പി ഫണ്ട് | 5657 | 503 | 6160 | 6160 | 0 |
| ഫണ്ട് ഫോർ ട്രാൻസ്ഫേഡ് ഇൻസ്റ്റ്യൂറ്റ്യൂഷൻ | 1860 | 0 | 1860 | 0 | 1860 |
| എസ് എസ് എ | 171184 | 5018 | 176202 | 0 | 176202 |
| ആശ്രയ | 2759969 | 0 | 2759969 | 0 | 2759969 |
| ശുചിത്വം | 351000 | 0 | 351000 | 0 | 351000 |
| വിമുക്തി | 8658 | 0 | 8658 | 0 | 8658 |
| പട്ടികജാതി വികസനം | 490000 | 0 | 490000 | 0 | 490000 |

കേന്ദ്ര, സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച അപ്രോപ്രിയേഷ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബ പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയ മുഴവൻ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച വിറ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചവ (എണ്ണം) | പൂ (% |
|---|---|---|---|---|---|---|---|
| 301 | 175775380 | 185 | 81976946 | 22 | 116 | 163 | 54 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെല വഴിച്ച തുക | ചെലവ % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 44 | 33 | 13558461 | 10569062 | 77.95 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 1211400 | 607575 | 50.15 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 135 | 82 | 53452825 | 24030024 | 45.36 |
| 4 | കൃഷി ഓഫീസർ | 12 | 10 | 2051190 | 1719551 | 83.83 |
| 5 | വി.ഇ.ഒ. (കൊട്ടിയൂർ) | 22 | 17 | 74612600 | 29651800 | 39.74 |
| 6 | വി.ഇ.ഒ.(ചുങ്കക്കുന്ന്) | 17 | 5 | 8547182 | 2211364 | 25.87 |
| 7 | മെഡിക്കൽ ഓഫീസർ (FHC) | 18 | 7 | 4174087 | 1418043 | 33.97 |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 1 | 329341 | 200000 | 60.73 |
| 9 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 6 | 4 | 1595000 | 1590000 | 99.7 |
| 10 | വെറ്റിനറി സർജൻ | 4 | 4 | 1132520 | 1088809 | 96.14 |
| 11 | ICDS സൂപ്പർവൈസർ | 12 | 9 | 4613154 | 3554890 | 77.06 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 8300000 | 4406693 | 53.09 |
| 13 | ഹെഡ് മാസ്റ്റർ | 18 | 5 | 1957620 | 701179 | 35.82 |
| 14 | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 1 | 1 | 240000 | 227950 | 94.98 |
| | ആകെ | 301 | 185 | 175775380 | 81976946 | 46.66 |

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2102 | 1749355 | 1751457 | 1745601 | 5856 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | 38293973 | 38293973 | 38293973 | 0 |
| ആകെ | 2102 | 40043328 | 40045430 | 40039574 | 5856 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1628200 | 145 |
| തൊഴിൽ രഹിത വേതനം | 0 | 0 |
| വിധവാ പെൻഷൻ | 5244600 | 559 |
| വാർദ്ധക്യകാല പെൻഷൻ | 17343600 | 1821 |
| വികലാംഗ പെൻഷൻ | 2674400 | 239 |
| അവിവാഹിത പെൻഷൻ | 152000 | 16 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പര 11-2024 തീയതിയിൽ 2.40 Pm ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശേ 1350 (ആയിരത്തി മുന്നൂറ്റി അമ്പത് രൂപ മാത്രം.) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാ ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യു മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തി അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, ഫ്രണ്ട് പ്രവർത്തനം എന്നിവ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമ ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും 2023-24 വർഷം ഗ്രാമസഭകൾ രണ്ടു തവണയായി യോഗം 2022-23 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2023-24 വാർ രൂപീകരണം, 2023-24 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഹരിത എം.ജി.എൻ.ആർ.ഇ.ജി.എസ് വാർഷിക കർമ്മപദ്ധതി അംഗീകരിക്കൽ, ഗുണഭോക്തൃലിസ്റ്റ് മാലിന്യസംസ്കരണം, സാമൂഹ്യസുരക്ഷാപെൻഷൻ അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾ മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തി

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 2 പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗം അഞ്ച് മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയാ വർദ്ധനവ് വരുത്തേണ്ടതാണെന്നും കുറിപ്പ് 1 പ്രകാരം ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ട് ത ഉണ്ടായിരിക്കുകയും അവയിൽ ഒന്നിൽ നിന്നു മാത്രം പ്രവേശനമാർഗം ഏർപ്പെടുത്തിയിരിക്കുക സംഗതിയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ കണക്കാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചുവടെ ചേർത്ത കെട്ടിടങ്ങളുടെ സൈറ്റ് പ്ലാൻ പരി പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗം അഞ്ച് മീറ്ററിൽ കൂടുതലുള്ള റോഡിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചട്ട പ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്ന

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | തറവിസ്തീർണം (ച. മീ),ഉപയോഗ ക്രമം | റോഡിന്റെ പേര് | സൈറ്റ് പ്ലാൻ പ്രകാരമുള്ള റോഡിന്റെ വീതി | ഡിമാന്റ് ചെയ്ത നികുതി (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) | ഡിമാന്റ് ചെയ്യേണ്ട നികുതി | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| 1 | 14/324D | ബിജു തോമസ് | 154.54 പാർപ്പിടാവശ്യം | പൊട്ടംതോട് രണ്ടാം പാലം റോഡ് | 6 മീറ്റർ | 1023 | 1250 | അടിസ നികുതി ച.മീ മേഖല- ദ്വിതീയ 10% ഇ വഴി സൗകര -20% വർദ്ധന |
| 2 | 9/32 A | ജോസഫ് | 168.19 പാർപ്പിടാവശ്യം | ചാപ്പമല അൽഫോൺസ നഗർ റോഡ് | 6 മീറ്റർ | 1113 | 1360 | അടിസ നികുതി ച.മീ മേഖല- ദ്വിതീയ 10% ഇ വഴി സൗകര -20% വർദ്ധന |
| 3 | 6/177 A | മിനി | 154.66 പാർപ്പിടാവശ്യം | അമ്പായത്തോട്- കൊച്ചുത്താഴത്ത് മേമല റോഡ് | 6 മീറ്റർ | 1024 | 1250 | അടിസ നികുതി ച.മീ മേഖല- ദ്വിതീയ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 10% ഇ<br>വഴി<br>സൗകര<br>-20%<br>വർദ്ധന |
| 4 | 4/328 A | നിതിൻ | 197.83<br>പാർപ്പിടാവശ്യം | പാമ്പറപ്പൻ<br>ഒറ്റപ്ലാവ്<br>പഞ്ചായത്ത്<br>റോഡ് | 6 മീറ്റർ | 1310 | 1600 | അടിസ<br>നികുതി<br>ച.മീ<br>മേഖല-<br>ദ്വിതീയ<br>10% ഇ<br>വഴി<br>സൗകര<br>-20%<br>വർദ്ധന |
| 5 | 6/462 B | ജോഷി | 70.26<br>വാണിജ്യാവശ്യം | മാനന്തവാടി-<br>കൊട്ടിയൂർ പി<br>ഡബ്ല്യൂ ഡി<br>റോഡ് | 12 മീറ്റർ | 2952 | 3542 | അടിസ<br>നികുതി<br>40/ച.മ<br>മേഖല-<br>പ്രഥമം<br>വഴി<br>സൗകര<br>-20%<br>വർദ്ധന |

മേൽ അപാകം സംബന്ധിച്ച് നൽകിയ 10/20-11-24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ 1 മുതര കെട്ടിടങ്ങളുടെ പ്രവേശന മാർഗം സൈറ്റ് പ്ലാൻ പ്രകാരം 6 മീറ്റർ വീതിയിലുള്ള റോഡിൽ നിന്നാണെ രജിസ്റ്റർ പ്രകാരം പ്രസ്തുത റോഡുകളുടെ വീതി 5 മീറ്ററിൽ കുറവാണെന്നും ആസ്തി രജിസ്റ്റർ പ്രകാരം സ വെയറിൽ റോഡ് കാലികമാക്കിയിട്ടുള്ളതിനാലാണ് 20% വർദ്ധനവ് വരാത്തതെന്നും ക്രമ നമ്പർ 4,5 വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി ചെയ്യുമ്പോൾ റോഡിന്റെ പേര് തെറ്റായി രേഖപ്പെടുത്തി വർദ്ധനവ് വരാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാ റോഡിന്റെ വിവരങ്ങൾ സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്തിയും അപാകത പരിഹരിച്ച് കുറവ് കുടിശ്ശികയടക്കം ഈടാക്കേണ്ടതാണ്.

## <u>1-12 വസ്തു നികുതി പരിഷ്കരണം - നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.</u>

22.03.2023 ലെ സ ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം 01-04-2023 പ്രാബല്യത്തിൽ നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശേ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം വഴി ലഭിച്ച വി അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയതിനാൽ ഘടനാപരമായും ഉപയോഗക്രമത്തിലും മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്.

കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതുവരെ

നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക നം.2/19.11.2024) ഡാറ്റ എൻട്രിക്കും വിവര ശേഖരണത്തിനും 3 തവണ പത്രമാധ്യമങ്ങളിൽ അറിയിപ്പ വേതനം കുറവായതിനാൽ ആരും ഫീൽഡ് പരിശോധനയ്ക്ക് തയ്യാറായിട്ടില്ലെന്നും ആയതിനാൽ ഭരണസമിതി തീരുമാനം പ്രകാരം വേതനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. മുഴുവൻ കെ പരിശോധന പൂർത്തിയാക്കി നികുതി പുനർനിർണയം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ട

## 1-13 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് -തുക തിരികെ ലഭ്യമ നടപടി സ്വീകരിക്കേണ്ടതാണ്.

ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ 2018-19 വർഷം മുതൽ 2021-22 വർ കാലയളവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും കൊട്ടിയൂർ ഗ്രാമ 3,53,119 രൂപ ലഭിക്കാനുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ ഉദ്ധരിച്ച് 2022- ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. ഈ തുക തിരികെ ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച ന് നൽകിയ 23-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ആയത് ഇതേവരെ ലഭ്യമായിട്ടില്ല എന്ന ലഭ്യമാക്കിയിട്ടുള്ളത്. തുക വേഗത്തിൽ ലഭ്യമാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രക ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പ അടിസ്ഥാനമാക്കിയായിരുന്നു. ലൈസൻസുമായി ബന്ധപ്പെട്ട താഴെപറയുന്ന രേഖകൾ/വിവരങ്ങൾ ലഭ്യ വേണ്ടി നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭേദഗതി ചട്ടപ്രകാരമുള്ള ഈടാക്കേണ്ടത് സംബന്ധിച്ച് ഭരണസമിതി തീരുമാനത്തിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസ് പുതുക്കുന്നതിന അപേക്ഷകളിലും മൂലധനനിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തുന്നില്ല. ഈ സ്ഥാപനങ്ങളുടെ ലൈസ കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ചട്ടങ്ങളിൽ പരാമർശി തുകയാണ് ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും ഇ തുക ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം/ മേഖല | വാർഡ് നം/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം | ഈടാക്കിയ തുക/ രശീത് നം,തീയതി |
|---|---|---|---|---|
| ഫർണിച്ചർ | 1/155 | ബിജു.കെകെ | രേഖപ്പെടുത്തിയിട്ടില്ല | 300/1230800216/8/2/2024 |
| പലചരക്ക് | 1/190 A | സ്റ്റീഫൻ വിയു | രേഖപ്പെടുത്തിയിട്ടില്ല | 300/1230402177/04/01/2024 |
| വാടക സാമഗ്രികൾ വിതരണം | 13/349 | മഞ്ജുലാൽ | രേഖപ്പെടുത്തിയിട്ടില്ല | 300/1230400059/20.04.2023 |

ചട്ടം അനുശാസിക്കുന്ന പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്

# 1-15 ജൈവവള വിതരണത്തിന് അധിക സബ്സിഡി നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| പ്രൊജക്റ്റ് നമ്പർ/പേര് | 155/24, ജൈവവള വിതരണം |
| അടങ്കൽ | ₹303112 വികസന ഫണ്ട്, ജനറൽ<br>₹101038 (മറ്റുള്ളവ)<br>ആകെ ₹404150 |
| ചെലവ് | ₹303112-വികസന ഫണ്ട്,ജനറൽ |
| ബിൽ നം/തീയ്യതി/തുക | (286/05.01.2024/₹303112 |

കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിലെ 135 കർഷകർക്ക് സബ്സിഡി നിരക്കിൽ വിവിധ വിളകൾക്ക വിതരണം ചെയ്യുന്നതിന്റെ ഭാഗമായി വിവിധ ജൈവവളങ്ങൾ വാങ്ങിയ ബിൽ ലഭ്യമാക്കിയതിറ കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വേപ്പിൻ പിണ്ണാക്ക് വാങ്ങിയ ചിലർ 40.00 രൂപ നിരക്കിൽ വേപ്പിൻ പിണ്ണാക്ക് വാങ്ങിയിട്ടുണ്ട്. 14-08-23 ലെ 707/2022/ഡി പി സി/ എൻ ആർ നടപടിക്രമങ്ങളിൽ ജില്ലാതലത്തിൽ വേപ്പിൻ പിണ്ണാക്കിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ള 30 രൂപയാണ്. സബ്സിഡി മാർഗ്ഗ രേഖ (സ.ഉ) (കൈ)115/2022/തസ്വഭവ/28-05-22) പ്രകാരം ഇ ചെലവ് തുകയുടെ 75% മാണ് പരമാവധി സബ്സിഡി അനുവദിക്കാവുന്നത്. യൂണിറ്റ് കോസ്റ്റായ ക രൂപയുടെ 75% തുക അനുവദിക്കുന്നതിന് പകരം 40 രൂപയുടെ 75% ആണ് അനുവദിച്ചിട്ടുള്ളത്. ഇത്തരം സബ്സിഡി നിരക്കിൽ ആനുകൂല്യം അനുവദിക്കുക വഴി അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദ വ കൊടുക്കുന്നു.

| ക്രമ. നം | അപേക്ഷയുടെ ക്രമ നമ്പർ | ബിൽ നം/ തീയതി | 40രൂപ നിരക്കിൽ വാങ്ങിയ വേപ്പിൻ പിണ്ണാക്കിന്റെ അളവ് Kg/ തുക ₹ | മറ്റ് ജൈവവളത്തിന്റെ വില | 30രൂപ നിരക്കിൽ വേപ്പിൻ പിണ്ണാക്ക് വാങ്ങിയാൽ നൽകേണ്ട തുക | സബ്സിഡി 75% നിരക്കിൽ അനുവദിച്ച തുക ₹ | യൂണിറ്റ് കോസ്റ്റ് പ്രകാരം അനുവദിക്കാവുന്ന സബ്സിഡ തുക ₹ |
|---|---|---|---|---|---|---|---|
| 1 | 2 | 173/29.09.23 | 25 Kgx40=1000 | 4000 | 25x30=750 | 3750 | 3563 |
| 2 | 5 | 172/29.09.2023 | 50 Kgx40=2000 | 3000 | 50x30=1500 | 3750 | 3375 |
| 3 | 6 | SAM0000813 209/23 | 12x40=480 | 520 | 12x30=360 | 750 | 660 |

അധിക തുക നൽകിയതിന് ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ നൽകിയത്. നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പിന് (നം.5, തീയതി മറുപടിയായി ഗുണനിലവാരമുള്ള ജൈവവളം വാങ്ങിയതിനാലാണ് അധിക നിരക്ക് നൽകിയ അറിയിച്ചത്. അധിക നിരക്കിൽ സബ്സിഡി ലഭിച്ച കർഷകരിൽ നിന്ന് തുക തിരികെ ഈടാക്ക ഹെഡിൽ തിരിച്ച് അടവാക്കേണ്ടതാണ്.

## 1-16 കറവപ്പശുക്കൾക്ക് കാലിത്തീറ്റ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്പെക്ടർ |
| പ്രോജക്ട് നമ്പർ,പേര് | 31/24, കറവപ്പശുക്കൾക്ക് കാലിത്തീറ്റ |
| അടങ്കൽ | ₹900000 വികസന ഫണ്ട്<br>₹900000 മറ്റുള്ളവ |
| ചെലവ് | ₹897304 വികസന ഫണ്ട്<br>ബിൽ നമ്പർ 164/8-11-2023 ₹ 62550<br>ബിൽ നമ്പർ 165/8-11-2023 ₹ 52820<br>ബിൽ നമ്പർ 166/8-11-2023 ₹ 154290<br>ബിൽ നമ്പർ 167/6-11-2023 ₹ 142596<br>ബിൽ നമ്പർ 167/6-11-2023 ₹ 8370<br>ബിൽ നമ്പർ 177/17-11-2023 ₹ 34750<br>ബിൽ നമ്പർ 178/17-11-2023 ₹ 63940<br>ബിൽ നമ്പർ 179/17-11-2023 ₹ 154290<br>ബിൽ നമ്പർ 180/1711-2023 ₹ 110526<br>ബിൽ നമ്പർ 181/17-11-2023 ₹33552<br>ബിൽ നമ്പർ 182/17-11-2023 ₹13950<br>ബിൽ നമ്പർ 321/22-1-2024 ₹18070<br>ബിൽ നമ്പർ 427/23-3-2024 ₹6800<br>ബിൽ നമ്പർ 429/24-3-2024 ₹24990<br>ബിൽ നമ്പർ 430/24-3-2024 ₹15810 |

കറവപ്പശുക്കൾക്ക് കാലിത്തീറ്റ എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷ പഞ്ചായത്തിലെ നാല് ക്ഷീര സംഘങ്ങൾ വഴി ഓരോ കറവപ്പശുവിനും പ്രതിമാസം 100 KG കാ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. ഇതു പ്രകാരം 300 ക അമ്പായത്തോട് ക്ഷീരസഹകരണ സംഘം, പാമ്പാറപ്പാൻ ക്ഷീരസഹകരണ സംഘം, കൊട്ടിയൂർ ക്ഷ സംഘം, തലക്കാണി ക്ഷീരസഹകരണ സംഘം എന്നീ ക്ഷീര സംഘങ്ങൾ മുഖാന്തിരം കാലിത്ത ചെയ്തിട്ടുണ്ട്. ആയതിന്റെ സബ്സിഡി തുക 15 ബില്ലുകളിലൂടെ ക്ഷീര സംഘങ്ങൾക്ക് നൽകിയി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) ക്ഷീര സഹകരണ സംഘങ്ങൾ മിൽമയുടെ ഗോമതി ഗോൾഡ് എന്നകാലിത്തീറ്റ 50 Kg ബാഗ് 1 കേരള ഫീഡ്സിന്റെ എലൈറ്റ് കാലിത്തീറ്റ 1417, 1398 രൂപക്കും ആണ് വാങ്ങിയിട്ടുള്ളത്. എന്നാ വിതരണം ചെയ്തതിന്റെ ക്ഷീരസഹകരണ സംഘങ്ങളുടെ സ്റ്റേറ്റ്മെന്റിൽ മിൽമയുടെ ഗോമതി ഗോൾ 100 കിഗ്രാം വിതരണം ചെയ്യുമ്പോൾ കർഷകരിൽ നിന്നും 2790 രൂപ ഈടാക്കേണ്ടതിന് പകരം 2990 1395 രൂപ സബ്സിഡി നൽകുകയാണ് ചെയ്യുന്നത്. ഇത് പോലെ കേരള ഫീഡ്സിന്റെ എലൈ വിതരണം ചെയ്യുമ്പോൾ 100 കിഗ്രാമിന് കർഷകരിൽ നിന്നും 2834 രൂപ ഈടാക്കേണ്ടതിന് പക ഈടാക്കി സബ്സിഡി 1417 രൂപ നൽകുകയാണ് ചെയ്തിട്ടുള്ളത്, ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ സംഘങ്ങൾക്ക് കാലിത്തീറ്റ ലഭ്യമായതിന്റെ ഇൻവോയ്സ് വിലയിൽ അധികരിച്ച് തുക ഈ കർഷകർക്ക് 50% സബ്സിഡി അനുവദിക്കാത്തതിന്റെയും കാരണം വ്യക്തമാക്കാൻ വേണ്ടി നൽ എൻക്വയറിക്ക് (നമ്പർ 21/21-11-2024) ലഭ്യമാക്കിയ മറുപടിയിൽ സംഘങ്ങൾ മുൻകൂർ വിലകൊടുത്ത വാങ്ങിയാണ് വിതരണം ചെയ്യുന്നത് എന്നും അവർക്ക് കുറഞ്ഞ പർച്ചേസ് റേറ്റിൽ കാലിത്തീറ്റ ലഭ്യമാ ഇതിനോടനുബന്ധമായിചെലവുകൾ കൂടി സംഘങ്ങൾ വഹിക്കുന്നതിനാൽ പർച്ചേസ് റേറ്റിൽ കാലിത്ത കഴിയില്ല എന്നും കാലിത്തീറ്റയുടെ എം ആർ പി റേറ്റിൽ കാലിത്തീറ്റ അവർക്ക് വിൽക്കാവുന്നതാണ്

നൽകിയിട്ടുണ്ട്. കർഷർക്ക് നൽകുന്ന സബ്സിഡി സംഘങ്ങൾ കാലിത്തീറ്റ വാങ്ങുന്ന പർച്ചേസ് ( അധികരിക്കാതിരിക്കാനാണ് സബ്സിഡി കുറച്ച് നൽകിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാ ചെയ്യുന്നതിലൂടെ മിൽമയുടെ കാലിത്തീറ്റ വിതരണം ചെയ്യുമ്പോൾ രണ്ട് ബാഗിന് (100kg) 200 ( ഫീഡ്സിന്റെ എലൈറ്റ് കാലിത്തീറ്റ വിതരണം ചെയ്യുമ്പോൾരണ്ട് ബാഗിന് 100 Kg ക്ക് 246 രൂപയും ( അധികം ലഭ്യമാവുന്നുണ്ട്. എന്നാൽ കർഷകരിൽ നിന്ന് എം ആർ പി റേറ്റ് ഈടാക്കുന്നതിനാൽ സബ്സിഡി 50% ലഭ്യമാവുന്നും ഇല്ല. അപാകങ്ങൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതും കർഷകർ വിഭാവനം ചെയ്യുന്ന സബ്സിഡി ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ നിന്ന് മരുന്നുകൾ ലഭിച്ചിട്ടില്ല ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഫാമിലി ഹെൽത്ത് സെന്റർ<br>കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്റ്റ് നമ്പർ/ പേര് | 33/24, ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 മെയിന്റൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് ആകെ | ₹ 300000 |

മേൽ പ്രൊജക്റ്റ് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപറേഷ ₹300000 നൽകിയിട്ടുണ്ട്, എന്നാൽ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ മരുന്നുകൾ ലഭ വിശദവിവരം ചുവടെ നൽകുന്നു.

| കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന് നൽകിയ തുക | പ്രഫോർമ ഇൻവോയ്സ് നംമ്പർ/ തീയ്യതി | ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകളുടെ തുക |
|---|---|---|
| ബിൽ നം.തീയ്യതി 410/12.03.2024 | PRF 4884/-7.03.2024 | ₹300000 |

കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ നിന്ന് മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ഡെലിവറി ച രജിസ്റ്റർ എന്നിവ സഹിതം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണ ക ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിനാൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 തുല്യതാ തുടർസാക്ഷരതാ പരിപാടി തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല ₹25350 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ/പേര് | 114/24, തുല്യതാ തുടർസാക്ഷരതാ പരിപാടി |
| അടങ്കൽ | ₹50000 (വികസന ഫണ്ട്-ജനറൽ) |

| | |
|---|---|
| ചെലവ്<br>ബിൽ നം/തീയ്യതി | ₹25350<br>244/12.12.2023 |

കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ പത്താം തരം, ഹയർ സെക്കന്ററി തുല്യതാ പഠിതാക്കളുടെ ( നൽകുകയാണ് മേൽ പരാമർശിച്ച പ്രോജക്ടുകളുടെ ലക്ഷ്യം.
പ്രോജക്ട് 114/24 ന്റെ ഭാഗമായി 1 പഠിതാവിന്റെ പത്താം തരം തുല്യതാ ഫീസിനത്തിൽ 1950 രൂപ ജില്ല മിഷൻ അതോറിറ്റിയുടേയും രജിസ്റ്റർ ചെയ്ത ഹയർ സെക്കണ്ടറി തുല്യത ഒന്നാം വർഷ പഠിതാക്കളായ കോഴ്സ് ഫീസ് 2600 രൂപ നിരക്കിൽ ആകെ 23400 രൂപയും, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതേ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം, പരീക്ഷ സം നടപടി വിവരം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണ കുറിപ്പിന് (നം.31/22.11.2023) സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്ന് രേഖകൾ ലഭ്യമായാൽ ഓഡിറ്റിന് നൽകാം എന്നാണ് രേഖകളുടെ അഭാവത്തിൽ ₹25350 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ലൈഫ് ഭവന പദ്ധതി അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന ( ആരംഭിച്ചില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ബില്ലുകൾ ഫയൽ, ഗുണഭോക്തൃ രജിസ്റ്റർ എന്നിവ പരിശോധ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് കരാറിലേർപ്പെടുമ്പോൾ അഡ്വാൻസായി ആദ്യ ഗഡു ന( നാളിതുവരെ തുടർ ഗഡുക്കൾ നൽകിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് / വിഭാഗം | അനുവദിച്ച തുക/മാസം/വർഷം |
|---|---|---|
| 1 | മാത്യു ശാശേരിയിൽ | 40000, ,-3-2023 |
| 2 | ഷാജി ചറമ്പിൽ ഹൗസ് | 40000, ,-6-2023 |
| 3 | ജെയ്സൺ ജോസഫ് | 40000 ,6/2023 |
| 4 | ഷാജിമോൻ ,പാൽച്ചുരം | 40000 , 3/2023 |

മേൽ ഗുണഭോക്താക്കൾക്ക് കരാറിലേർപ്പെട്ടപ്പോൾ ആദ്യഗഡു നൽകിയിട്ടുണ്ടെങ്കിലും തുടർ ഗഡു നൽകിയതായി കാണുന്നില്ല. ഭവനനിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ അറിയിക്കാൻ വേണ്ടി നൽ എൻക്വയറിക്ക് (നമ്പർ 6/19-11-2024) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ചിരി ഗുണഭോക്താക്കളെയും ജനപ്രതിനിധികൾ വഴിയും നേരിട്ടും ബന്ധപ്പെട്ട് നവംബർ 30നകം ( പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും നവംബർ 30 നകം പണി പൂർത്തീകരിക്കാത്ത പക്ഷം ( തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബ അറിയിക്കേണ്ടതാണ്.

## 1-20 ഭവന നവീകരണം (ആശ്രയ)- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കൊട്ടിയൂർ സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 16/24 ഭവന നവീകരണം (ആശ്രയ ) |
| അടങ്കൽ | ₹100000 |
| ചെലവ് | ₹50000 ബിൽ നമ്പർ : 72/30-3-2024 |

വീട് വാസയോഗ്യമാക്കൽ (ആശ്രയ) എന്ന മേൽ പ്രോജക്ട് പ്രകാരം യോപ്യാമ്മ എന്ന ഗുണഭോക്താ ഏർപ്പെട്ട ശേഷം 50% തുക (₹50000) മുൻകൂറായി ധനസഹായം അനുവദിച്ചിട്ടുണ്ട്. പതിനാലാം പദ്ധത മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം. 115/2022 /ത.സ്വ.ഭ.വ തീയതി 28.5.2022 ഖ 6-7 (4) വാസയോഗ്യമാക്കൽ പദ്ധതിക്ക് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹1,0 ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി എൽ.എസ്.ജി.ഡി ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടു കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതുമാണ്.

അഡ്വാൻസ് തുക വാങ്ങിച്ച ഗുണഭോക്താവ് നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധ ഓഡിറ്റ് എൻക്വയറിക്ക് (7/19-11-2024) ന് ലഭ്യമാക്കിയ മറുപടിയിൽ, ടി ഗുണഭോക്താവ് ഒറ്റയ്ക്ക് വയോധികയാണ് എന്നും സ്വന്തമായി എസ്റ്റിമേറ്റിലെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴ കാലാവസ്ഥ അനുകൂലമല്ലാത്തതിനാലാണ് വീടിന്റെ മേൽക്കൂരമാറ്റൽ ഉൾപ്പെടുന്ന റിപ്പയർ പ്രവൃത്തി പറ്റാത്തത് എന്നും കാലാവസ്ഥ അനുകൂലമാകുന്ന പക്ഷം മേൽക്കൂരമാറ്റുന്ന പ്രവൃത്തികൾ നടത്തു അറിയിച്ചിട്ടുണ്ട്. ഭവന നവീകരണം പ്രവൃത്തി പൂർത്തീകരിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 ഭവന നവീകരണം -പട്ടികവർഗ്ഗം-അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താവ് പൂർത്തീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കൊട്ടിയൂർ സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 15/24 ഭവന നവീകരണം -പട്ടികവർഗ്ഗം |
| അടങ്കൽ | ₹713000 വികസന ഫണ്ട് – ടി എസ് പി |
| ചെലവ് | ബിൽ നമ്പർ : 472/25-3-2024 ₹285200<br>ബിൽ നമ്പർ : 356/16-2-2024 ₹58000<br>ആകെ: ₹343200 |

